**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.04.2026**

## പ്രധാനവാർത്തകൾ

1. മൂന്ന് ദിവസത്തെ പ്രത്യേക സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

2. വാൽപ്പാറ അപകടത്തിൽ മരിച്ചവർക്ക് അന്ത്യാഞ്ജലി അർപ്പിച്ച് നാട്. പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കിയതായി കേരളം-തമിഴ്നാട് സർക്കാരുകൾ.

3. സംസ്ഥാനത്ത് ചൂട് കൂടുന്ന സാഹചര്യത്തിൽ ജാഗ്രത നിർദ്ദേശം പുറത്തിറക്കി ദുരന്ത നിവാരണ അതോറിറ്റി . 12 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

4. ഇന്ത്യയിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് തുടക്കമായി. സംസ്ഥാനത്ത് നിന്നുളള ആദ്യ ഹജ്ജ് സംഘം ഈ മാസം 30ന് പുറപ്പെടും.

5. വിഷു പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് അടയ്ക്കും.

6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ളാസ്റ്റേഴ്സ് - ജംഷെഡ്പൂരിനെയും, ഗോവ - മുംബൈ സിറ്റിയേയും നേരിടും.

**&&&&&&&&&&&&&&&&&&&&**

PNU TVPM

## പാർലമെൻററ് - ബിൽ

പ്രത്യേക സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ലോക്സഭയിലും നിയമസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സംവരണം നടപ്പാക്കാനുള്ള ഭരണഘടനാ ഭേദഗതി ബില്ലിന്മേൽ ഇന്നലെ ലോക്സഭയിൽ വോട്ടെടുപ്പ് നടന്നെങ്കിലും പാസായില്ല. ഭരണഘടനയുടെ നൂറ്റി മുപ്പത്തിയൊന്നാം ഭേദഗതി ബിൽ, മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിക്കാത്തതിനാലാണ് ലോക്സഭയിൽ പാസാകാത്തത്. ഇതുമായി അനുബന്ധിച്ചുള്ള , കേന്ദ്രഭരണ പ്രദേശ നിയമനിർമ്മാണ ഭേദഗതി ബിൽ, ഡീലിമിറ്റേഷൻ ബിൽ എന്നിവയിലും ഇനി തുടർ നടപടികളുണ്ടാകില്ലെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## സ്ത്രീ സംവരണ ബിൽ

ഭരണഘടനയുടെ നൂറ്റി മുപ്പത്തിയൊന്നാം ഭേദഗതി ബിൽ, കേന്ദ്രഭരണ പ്രദേശ നിയമനിർമ്മാണ ഭേദഗതി ബിൽ, ഡീലിമിറ്റേഷൻ ബിൽ എന്നിവ പാസാക്കിയിരുന്നെങ്കിൽ 2029 ലെ പൊതുതെരഞ്ഞെടുപ്പിൽ ലോക്സഭയിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണം ലഭിക്കും. നിയോജകമണ്ഡലത്തിന്റെ അതിർത്തി അന്തിമമാക്കാനുള്ള ഡീലിമിറ്റേഷൻ സ്ത്രീ സംവരണം നടപ്പിലാക്കുന്നതിന് അത്യാവശ്യമാണ്. 1976 ൽ 550 ആയിരുന്ന ലോക്സഭ സീറ്റുകൾ ജനസംഖ്യ 140 കോടിയായി ഉയർന്നതോടെ 850 ആയി ഉയർത്തേണ്ടത് പാർലമെന്റിൽ ന്യായമായ ജനപ്രാതിനിധ്യം ഉറപ്പാക്കുമെന്നാണ് വിലയിരുത്തൽ.

RNU TVPM

&&&&&&&&&&&&&&&&&&&&

## തിരഞ്ഞെടുപ്പ് - തമിഴ്നനാട്, പശ്ചിമബംഗാൾ

നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും പ്രചാരണം ഊർജിതം. ഇരു സംസ്ഥാനങ്ങളിലും ഈ മാസം 23 നാണ് വോട്ടെടുപ്പ്. രണ്ട് ഘട്ടമായി വോട്ടെടുപ്പ് നടക്കുന്ന പശ്ചിമബംഗാളിൽ ആദ്യഘട്ടത്തിൽ 152 മണ്ഡലങ്ങളിലാണ്

വിധിയെഴുതുന്നത്. രണ്ടാം ഘട്ട പോളിംഗ് ഈ മാസം 29 ന് നടക്കും. മെയ് നാലിനാണ് വോട്ടെണ്ണൽ.

**&&&&&&&&&&&&&&&&**

**<u>വാൽപ്പാറ - അപകടം</u>**

വാൽപ്പാറ അപകടത്തിൽ മരിച്ച 9 പേരുടേയും മൃതദേഹങ്ങൾ മലപ്പുറം പാങ്ങിലെ അമ്പലത്തറ HSS ൽ പൊതുദർശനത്തിന് വെച്ച ശേഷം വീടുകളിലേക്ക് കൊണ്ടു പോയി. രക്ഷിതാക്കളും വിദ്യാർത്ഥികളും നാട്ടുകാരുമടക്കം നിരവധി പേരാണ് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയത്. മന്ത്രി ശിവൻകുട്ടി, എം എൽ എ മാരായ പി കെ കുഞ്ഞാലിക്കുട്ടി, മഞ്ഞളാംകുഴി അലി, എ പി അനിൽകുമാർ, ആബിദ് ഹുസൈൻ തങ്ങൾ, മുസ്ലിം ലീഗ് അധ്യക്ഷൻ പാണക്കാട് സാദിഖലി തങ്ങൾ തുടങ്ങി ഒട്ടേറെ പേർ പൊതുദർശനത്തിനെത്തി അന്തിമോപചാരം അർപ്പിച്ചു. അധ്യാപകരായ അബ്ദുൽ മജീദ്, റംല, ഷക്കീല, അജിത, ആശ, സുഹറ, സുഹറയുടെ മകൻ ഹാഷിം, അബ്ദുൽ മജീദിൻറെ ഭാര്യ റുഖിയ, പാചക തൊഴിലാളി സാജിത എന്നിവരാണ് മരിച്ചത്. ഉച്ചയോടെ സംസ്കാരം നടക്കും. മരിച്ചവരുടെ കുടുംബങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ സർക്കാർ നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കിയതായി കേരള-തമിഴ്നാട് സർക്കാരുകൾ അറിയിച്ചു.

RNUTVPM

**&&&&&&&&&&&&&&&&**

**<u>ചൂട്</u>**

സംസ്ഥാനത്ത് ചൂട് കൂടുന്ന സാഹചര്യത്തിൽ ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദേശങ്ങൾ പുറത്തിറക്കി. ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് സാധ്യതയുള്ളതിനാൽ പകൽ 11 മുതൽ 3 മണി വരെയുള്ള സമയത്ത് തുടർച്ചയായി വെയിലേൽക്കുന്നത് ഒഴിവാക്കുക. ദാഹമില്ലെങ്കിലും പരമാവധി ശുദ്ധജലം കുടിക്കുക. ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ച സമയത്ത് സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ഇടുക്കി,

വയനാട് ഒഴികെയുള്ള ജില്ലകളിൽ നാളെ വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&

**കൊല്ലം - താപനില (ഇൻട്രോ)**

അന്തരീക്ഷ താപനിലയിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനത്തുള്ള കൊല്ലം ജില്ലയിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. 39 ഡിഗ്രിയാണ് ഇന്ന് ജില്ലയിൽ പ്രതീക്ഷിക്കുന്ന താപനില.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.... (വോയ്സ്)**

&&&&&&&&&&&&&&&

**മേയർ വി.വി. രാജേഷ്**

തിരുവനന്തപുരം നഗരത്തിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ മേയർ വി വി രാജേഷ് വിലയിരുത്തി. ശുചീകരണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നും ഇത്തരം പ്രവർത്തനങ്ങളിൽ കഴിവ് തെളിയിച്ചിട്ടുള്ള വിരമിച്ച ഉദ്യോഗസ്ഥരുടെ കൂടി സേവനം ഉറപ്പാക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&

**കണ്ണൂർ - അഞ്ചരക്കണ്ടി**

കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥി നിതിൻരാജിന്റ് മരണവുമായി ബന്ധപ്പെട്ട് നോയിഡയിൽ നിന്നും അറസ്റ്റിലായ മൂന്ന് പേരെ കോടതി റിമാൻഡ് ചെയ്തു. ലോൺ ആപ്പ് ഉടമകൾ ആയ ഖാസിയാബാദ് സ്വദേശി ഋഷികേഷ് തിവാരി, ഉത്തർപ്രദേശ് സ്വദേശി പ്രശാന്ത് ഖേവൽ, ഫരിദാബാദ് സ്വദേശി പ്രകാശ് ജയ് എന്നിവരെയാണ് നോയിഡയിൽ നിന്ന് കണ്ണൂർ സിറ്റി സൈബർ ക്രൈം പോലീസ് അറസ്റ്റ് ചെയ്തത്. "ഇൻസ്റ്റന്റ് ഫണ്ട്സ്" എന്ന ലോൺ ആപ്പ് നടത്തിപ്പുകാരാണിവർ. അതേസമയം, നിധിൻ രാജിന്റെ മരണത്തെ തുടർന്ന് ദന്തൽ കോളേജിലെ അധ്യാപകർ ഉൾപ്പെടെ ഏഴുപേർ രാജിക്കത്ത് സമർപ്പിച്ചതായാണ് വിവരം.

&&&&&&&&&&&&&&&

## ലോക പൈതൃക ദിനം

ഇന്ന് ലോക പൈതൃക ദിനം. സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകത്തിന്റെ വൈവിധ്യം, ദുർബലത, സംരക്ഷണം എന്നിവയെ കുറിച്ച് അവബോധം വളർത്തുന്നത് ലക്ഷ്യമിട്ടാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. "സംഘർഷങ്ങളുടെയും ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ സജീവ പൈതൃകത്തിനായുള്ള അടിയന്തര പ്രതികരണം" എന്നതാണ് ഈ വർഷത്തെ പ്രമേയം. രാജ്യത്തിന്റെ സാംസ്കാരിക സ്വത്വം സംരക്ഷിക്കാൻ തുടർച്ചയായ ശ്രമം ഉറപ്പാക്കണമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള  പൈതൃക ദിന സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&

## ഹജ്ജ് - 2026

ഇന്ത്യയിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് ഇന്ന് തുടക്കമായി. രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എഴുപത്തയ്യായിരത്തിലധികം തീർത്ഥാടകരാണ് ഇത്തവണ സൗദി അറേബ്യയിൽ ഹജ്ജ് കർമ്മത്തിൽ പങ്കെടുക്കുന്നത്. സംസ്ഥാനത്തും ഹജ്ജ് തീർത്ഥാടനത്തിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്. സംസ്ഥാനത്തെ ആദ്യ ഹജ്ജ് സംഘം ഈ മാസം 30ന് കൊച്ചിയിൽ നിന്നും പുറപ്പെടും. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് യാത്ര മേയ് ആറിന് ആരംഭിക്കും. മേയ് 15 ന് കോഴിക്കോട് നിന്നും ആദ്യ സംഘം പുറപ്പെടും.

&&&&&&&&&&&&&&&

## ശബരിമല

വിഷു പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് അടയ്ക്കും.  ഇന്ന് സഹസ്രകലശ അഭിഷേകം നടക്കും. ഇടവമാസ പൂജയ്ക്കായി നട വീണ്ടും അടുത്ത മാസം 14 ന് തുറക്കും.

&&&&&&&&&&&&&&&

PNU TVPM

**കണ്ണൂർ - വൈശാഖോത്സവം (ഇൻട്രോ)**

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകൾ ഏകോപിച്ചു പ്രവർത്തിക്കാൻ നിർദ്ദേശം. ജില്ലാ കളക്ടർ അരുൺ കെ വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് നിർദ്ദേശം നൽകിയത്.

**വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ....**

(വോയ്സ്)

**&&&&&&&&&&&&&&&**

**ഐ എസ് എൽ**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ളാസ്റ്റേഴ്സ് - ജംഷെഡ്പൂരിനെയും, ഗോവ - മുംബൈ സിറ്റിയേയും നേരിടും.

**&&&&&&&&&&&&&&&**

**ഐ പി എൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് 3:30 ന് ബെംഗളൂരുവിൽ നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ഹൈദരാബാദിൽ രാത്രി 7:30 ന് ആരംഭിക്കുന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ് - ചെന്നൈ സൂപ്പർ കിംഗ്സുമായി ഏറ്റുമുട്ടും.

**&&&&&&&&&&&&&&&**

**സ്വർണ്ണ വില**

സ്വർണ്ണ വില ഉയർന്നു . പവന് 600 രൂപ വർധിച്ച് ഒരു ലക്ഷത്തി 14,240 രൂപയും ഗ്രാമിന് 14,280 രൂപയുമാണ് ഇന്നത്തെ വില

**&&&&&&&&&&&&&&&**

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ

RNU TVPM

ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ നരേന്ദ്ര മോദി ആപ്പിലൂടെയോ MY GOV ഓപ്പൺ ഫോറം വഴിയോ ആണ് നിർദേശങ്ങൾ പങ്കുവെയ്ക്കേണ്ടത്.

&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&

## WAYANAD

PNU TVPM

വയനാട് ദുരിതബാധിതർക്ക് കൈമാറിയ കൽപ്പറ്റ ടൗൺഷിപ്പ് വീട്ടിൽ വിള്ളൽ കണ്ടെത്തിയെന്ന പരാതിയിൽ പ്രതികരണവുമായി മന്ത്രി കെ. രാജൻ. വീട് ദുരിതബാധിതർക്ക് കൈമാറിയിട്ടില്ലെന്നും വിള്ളലല്ലാ ഉണ്ടായതെന്നും മേൽക്കൂരയിൽ വെള്ളം ചോർന്ന് വന്ന പാടാണെന്നും മന്ത്രി പറഞ്ഞു. ഇത് പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## ലക്ഷദ്വീപ് മത്സ്യബന്ധനം

ലക്ഷദ്വീപിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് സഹായകമാവുന്ന ഫിഷ് അഗ്രിഗേറ്റിംഗ് ഡിവൈസ് സ്ഥാപിച്ചു. ലക്ഷദ്വീപ് ഫിഷറീസ് വകുപ്പും കവരത്തിയിലെ ഡോ. BR അംബേദ്കർ ഗവൺമെന്റ് ഐ ടി ഐ യും സംയുക്തമായാണ് ഉപകരണം സ്ഥാപിച്ചത്. ഇതാദ്യമാണ് ലക്ഷദ്വീപിന്റെ ആഴക്കടലിൽ വിദ്യാർത്ഥികളുടെ കൂട്ടായ്മയിൽ FAD സ്ഥാപിക്കുന്നത്.

&&&&&&&&&&&&&&&

## യുണിസെഫ് - ഗാസ

ഗാസയിലെ കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിനായി കരാറെടുത്തിരുന്ന രണ്ട് ട്രക്ക് ഡ്രൈവർമാർ ഇസ്രായേലി വെടിവയ്പ്പിൽ കൊല്ലപ്പെട്ടതായി യുണിസെഫ്. വടക്കൻ ഗാസയിലെ മൻസൂറ വാട്ടർ ഫില്ലിംഗ് പോയിന്റിൽ പതിവ് ശുദ്ധജല വിതരണത്തിനിടെയുണ്ടായ ആക്രമണത്തിൽ രണ്ട് പേർക്ക് പരിക്കേറ്റു. മേഖലയിലെ പ്രവർത്തനങ്ങൾ നിർത്തിവച്ചതായും സംഭവം അന്വേഷിക്കാൻ ഇസ്രായേൽ അധികൃതരോട് ആവശ്യപ്പെട്ടതായും യുണിസെഫ് അറിയിച്ചു.

&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&

RNU TVPM